# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 256          11/06/2012 – ൽ മറുപടിയ്ക്ക്

## ജയിൽ ഉപദേശക സമിതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) ജയിൽ ഉപദേശക സമിതിയുടെ ഘടനയും ലക്ഷ്യങ്ങളും എന്തെല്ലാമാണ്; | (എ) ജയിൽ ഉപദേശക സമിതിയുടെ ഘടന താഴെ പറയുന്ന പ്രകാരമാണ്.<br>(1) ജയിൽ വകുപ്പ് അദ്ധ്യക്ഷൻ- ചെയർമാൻ<br>(2) ജയിൽ സ്ഥിതിചെയ്യുന്ന സ്ഥലത്തെ ജില്ലാ സെഷൻസ് ജഡ്ജ് - മെമ്പർ<br>(3) ജില്ലാ കളക്ടർ - മെമ്പർ<br>(4) ജില്ലാ പോലീസ് സൂപ്രണ്ട് - മെമ്പർ<br>(5) ജില്ലാ പ്രൊബേഷൻ ഓഫീസർ - മെമ്പർ<br>ഇവരെ കൂടാതെ ഗവൺമെന്റ് നിയമിക്കുന്ന, മൂന്ന് അനൗദ്യോഗിക അംഗങ്ങൾ ഉണ്ടായിരിക്കും. ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട് ഉപദേശക സമിതിയുടെ സെക്രട്ടറിയായിരിക്കും.<br>ശിക്ഷാ തടവുകാരുടെ കേസുകൾ പരിശോധിച്ച് അവരുടെ അകാല വിടുതലിന് ശുപാർശ ചെയ്യുക എന്നുള്ളതാണ് ഉപദേശക സമിതിയുടെ പ്രധാന ലക്ഷ്യം. ഇതു കൂടാതെ ഒന്നിൽ കൂടുതൽ പ്രാവശ്യം പോലീസ് റിപ്പോർട്ട് /പ്രൊബേഷൻ റിപ്പോർട്ട് അനുകൂലമല്ലാത്തതിന്റെ വെളിച്ചത്തിൽ പരോൾ ലഭിച്ചിട്ടില്ലാത്ത തടവുകാരുടെ കേസുകൾ പരിശോധിച്ച് പരോൾ അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നതിന് ഉപദേശക സമിതിയ്ക്ക് അധികാരം ഉണ്ട്. |

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇവ പുന:സംഘടിപ്പിച്ചിട്ടുണ്ടോ ; ഇപ്പോഴുളള സമിതിയുടെ കാലാവധി പൂർത്തീകരിച്ചിട്ടുണ്ടോ; | (ബി) ഇല്ല. സമിതിയുടെ കാലാവധി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ കണ്ണൂർ സെൻട്രൽ ജയിലിലെ ഉപദേശക സമിതിയിലെ മൂന്ന് അനൗദ്യോഗിക അംഗങ്ങളെ സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സമിതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (സി) ജയിലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ജയിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നതിനുമായി ജയിൽ ഉപദേശക സമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുമോ ; | (സി) ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (ഡി) ജയിൽ ഉപദേശക സമിതിയിൽ പൊതു പ്രവർത്തകരുടെ പട്ടികയിൽ നിന്നും ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടവരെ ഒഴിവാക്കുന്നതിനും, സാമൂഹ്യ പൊതു പ്രവർത്തന രംഗത്ത് പ്രശസ്തരായവരെയും മെച്ചപ്പെട്ട സേവന പാരമ്പര്യമുളള റിട്ട. പോലീസ് ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഡി) പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ